# 1. നക്ഷത്രയുദ്ധവും പരിസ്ഥിതിയുദ്ധവും

അണുബോംബ് പ്രയോഗിച്ചുകൊണ്ടുള്ള മൂന്നാം ലോകമഹായുദ്ധത്തിന്റെ രൂപം എങ്ങനെയായിരിക്കുമെന്നു ചോദിച്ചപ്പോൾ, അതു പറവാൻ തനിക്കു സാധിക്കുകയില്ലെന്നും, പക്ഷേ, നാലാം ലോകമഹായുദ്ധം വില്ലും അമ്പും ഉപയോഗിച്ചായിരിക്കുമെന്നും ഐൻസ്റ്റൈൻ ഉത്തരം നൽകിയത്രേ. മൂന്നാം ലോകമഹായുദ്ധം ഉണ്ടാവുന്നപക്ഷം നാഗരികത നിശ്ശേഷം നശിച്ച് മനുഷ്യൻ കാടത്തത്തിലേക്കു തിരിച്ചുപോകുമെന്നാണ് ആ മഹാശാസ്ത്രജ്ഞൻ ഉദ്ദേശിച്ചത്.

ഐൻസ്റ്റൈന് അറിയാതിരുന്ന കാര്യം തങ്ങൾക്ക് അറിയാമെന്ന് ഇന്നു പലരും കരുതുന്നുണ്ട്. മൂന്നാം ലോകമഹായുദ്ധത്തിന്റെ രൂപം പല വേദികളിലും ഇപ്പോൾ ചർച്ചാവിഷയമാണ്. 'നക്ഷത്രയുദ്ധം' (സ്റ്റാർ വാർ) എന്നതാണ് മൂന്നാം ലോകമഹായുദ്ധത്തെപ്പറ്റി യുദ്ധവിദഗ്ദ്ധർക്കിടയിൽ നിലവിലുള്ള ഒരു സങ്കല്പം. മറ്റൊരു സങ്കല്പം 'പരിസ്ഥിതിയുദ്ധം' (എൻവയ്റൺമെന്റ് വാർ) എന്നതും. ഈ സങ്കല്പങ്ങളെപ്പറ്റി ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1983 മാർച്ചിൽ നടത്തിയ ഒരു ടെലിവിഷൻ പ്രസംഗത്തിലാണ് അമേരിക്കൻ പ്രസിഡണ്ട് റെയ്ഗൻ നക്ഷത്രയുദ്ധത്തെപ്പറ്റിയുള്ള സങ്കല്പം ആദ്യമായി വിശദീകരിച്ചത്. ഈ സങ്കല്പത്തെ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ അധികം താമസിയാതെ അമേരിക്കൻ ഗവണ്മെന്റ് കൈക്കൊണ്ടു. പ്രസ്താവ്യമായ പുരോഗതി ഇതിനകം ഈ രംഗത്തിൽ കൈവന്നതായി അമേരിക്കൻ ഗവണ്മെന്റ് അവകാശപ്പെടുന്നുണ്ട്.

ഒരു പ്രതിരോധതന്ത്രം എന്ന നിലയിലാണ് 'നക്ഷത്രയുദ്ധ' സങ്കല്പം അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. അമേരിക്കയ്ക്കെതിരെ സോവിയറ്റ് യൂണിയൻ പ്രയോഗിച്ചേക്കാവുന്ന അണുബോംബുകളെ, അവ വായുമണ്ഡലത്തിൽ പ്രവേശിക്കുംമുമ്പ്, ബാഹ്യാന്തരീക്ഷത്തിൽവെച്ചു നശിപ്പിക്കണമെന്നതാണ് ഉദ്ദേശ്യം. 'ലേസർ' എന്ന മാരകരശ്മികൾ ഉപയോഗിച്ചാണ് അണുബോംബുകളെ നശിപ്പിക്കുക. ശബ്ദത്തേക്കാൾ എത്രയോ അധികം വേഗത്തിൽ പാഞ്ഞുവരുന്ന അണുബോംബുകളെയും അവ വഹിക്കുന്ന മിസൈലുകളെയും തിരഞ്ഞുപിടിച്ച്, അന്തരീക്ഷവിശാലതയിൽവെച്ചു ഭസ്മീകരിക്കുന്നതിനുള്ള അത്യന്തം സങ്കീർണവും പുരോഗമിച്ചതുമായ സാങ്കേതിക സംവിധാനങ്ങൾ ബാഹ്യാന്തരീക്ഷത്തിൽ സ്ഥിരമായി നിർമിക്കുവാൻ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

ഈ ശ്രമത്തിന്റെ ഒരു മുഖ്യഭാഗമാണ്, ഭൂമിക്കു ചുറ്റും നിയതമായ ഭ്രമണപഥത്തിലൂടെ സഞ്ചരിക്കുന്ന സ്പേസ് സ്റ്റേഷനുകൾ സ്ഥാപിക്കുകയെന്നത്. ഇതിനായി എണ്ണൂറു കോടി ഡോളർ ചെലവുവരുന്ന ഒരു

പദ്ധതി അമേരിക്കൻ ഗവൺമെൻറിൻെറ അന്തരീക്ഷവിഭാഗം (നാസ) ഏറെറടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പിലായിക്കഴിയുമ്പോൾ, അതിൻെറ ചെലവു വർദ്ധിച്ച് മുപ്പതിനായിരം കോടി ഡോളറിൽ എത്തുമെന്ന് അമേരിക്കൻ വിമാനസേനയുടെ മാസിക (എയർഫോഴ്സ് മാഗസിൻ) പറയുന്നു.

അന്തരീക്ഷത്തിലെ സ്ഥിരം പട്ടാളത്താവളങ്ങളാണ് സ്പേസ് സ്റ്റേഷനുകൾ. ഭൂമിയിൽ ഏതെങ്കിലും ഒരു ഭാഗത്തു നടക്കുന്ന പട്ടാളനീക്കങ്ങൾ ഉടനടൻ നിരീക്ഷിച്ച്, അപഗ്രഥിച്ച്, അമേരിക്കൻ പട്ടാള—അധികൃതരെ അറിയിക്കുന്നതിനുള്ള സംവിധാനങ്ങൾ ഈ സ്റ്റേഷനുകളിലുണ്ടായിരിക്കും. മിസ്സൈലുകളും മററു യുദ്ധോപകരണങ്ങളും കൂട്ടിയിണക്കുക, കേടുതീർക്കുക, അവയിൽ ഇന്ധനം നിറയ്ക്കുക മുതലായ പ്രവൃത്തികളും സ്പേസ് സ്റ്റേഷനുകളിൽവെച്ചു നിർവഹിക്കും. ശത്രുപക്ഷത്തുനിന്ന് ഉയരുന്ന മിസ്സൈലുകളെ ലേസർ രശ്മിയുപയോഗിച്ച് ഉടൻ കത്തിച്ചുകളയുന്ന 'മിസ്സൈൽ വിരുദ്ധ മിസ്സൈലുകൾ' (മി. വി. മി.) പ്രയോഗിക്കുന്നതും സ്പേസ് സ്റ്റേഷനുകളിൽനിന്നായിരിക്കും. മി. വി. മി. കളിൽ ഘടിപ്പിച്ചിട്ടുള്ള ശക്തിയേറിയ ഇൻഫ്രാറെഡ് ക്യാമറകൾ, തണുത്തുറഞ്ഞ അന്തരീക്ഷത്തിൽ ചൂടാർന്നുപായുന്ന മിസൈലുകളെ തേടിച്ചെല്ലാൻ മി. വി. മി. കൾക്ക് കഴിവുനൽകുന്നു. മി. വി. മി. കൾ മണിക്കൂറിൽ 30,681 മൈൽ വേഗത്തിൽ സഞ്ചരിക്കും. ഭൂമിയിൽനിന്നു വിക്ഷേപിക്കുന്ന ഉപഗ്രഹങ്ങളുടെ പരമാവധി വേഗം മണിക്കൂറിൽ 23,000 മൈൽ ആകുന്നു. അതിനാൽ മി. വി. മി. കൾക്ക് ഏതു് ഉപഗ്രഹത്തേയും, മിസ്സൈലിനേയും തേടിച്ചെന്നു കണ്ടെത്തി നശിപ്പിക്കാൻ ഏതാനും മിനിററുകൾ മതിയാകും. അമേരിക്ക ഇതിനകം ഇത്തരമൊരു മി. വി. മി. ഒരു ബോംബർവിമാനത്തിൽനിന്നു വിജയകരമായി പരീക്ഷിച്ചുനോക്കുകയുണ്ടായി.

സ്പേസ് സ്റ്റേഷനുകൾക്കു പുറമെ, ശത്രുരാജ്യങ്ങളിലെ പട്ടാളനീക്കങ്ങൾ നിരന്തരമായി നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ചാര—ഉപഗ്രഹങ്ങളുടെ ഒരു ശൃംഖലയും വിഭാവനംചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരം നാല്പതു് ചാര—ഉപഗ്രഹങ്ങൾ ഇപ്പോൾത്തന്നെ അമേരിക്കൻ പട്ടാളത്തിൻെറ നിയന്ത്രണത്തിൽ അന്തരീക്ഷത്തിൽ ചുററുന്നുണ്ടത്രേ. ഈ ഉപഗ്രഹങ്ങൾ ഉപയോഗിച്ച് ശബ്ദം, ചിത്രം, ടെലഗ്രാഫ് സിഗ്നലുകൾ, കമ്പ്യൂട്ടർ സിഗ്നലുകൾ എന്നിവ കൈമാറാം. ഓരോന്നിലും ഇരുപത്തിമൂന്നു ചാനൽ ഉള്ള അഞ്ചു് ചാര—ഉപഗ്രഹങ്ങൾ അമേരിക്കൻ നാവികസേനയ്ക്കു മാത്രമായി ഉണ്ട്. ഇവയിൽ ഒരു ചാനൽ അമേരിക്കൻ പ്രസിഡണ്ടിൻെറയോ പ്രതിരോധ സെക്രട്ടറിയുടേയോ മാത്രം ഉപയോഗത്തിനുള്ളതാണ്. വേറെ രണ്ടു് ഉപഗ്രഹങ്ങൾ ചെയ്യുന്നതു് ലോകത്തിലെവിടെയും നടക്കുന്ന അണുസ്ഫോടനങ്ങളുടെ വിവരം ശേഖരിക്കുകയാണ്. ഭൂമിയിലെ സാധാരണ ടെലഫോൺ സംഭാഷണങ്ങൾവരെ ഈ ഉപഗ്രഹങ്ങൾ പിടിച്ചെടുക്കുമത്രേ!

സ്പേസ് സ്റ്റേഷനുകൾ സ്ഥാപിച്ചു നിലനിർത്തുന്നതിൽ, അമേരിക്ക ഇതിനകം ഫലപ്രദമായി പരീക്ഷിച്ചുനോക്കിയിട്ടുള്ള സ്പേസ് ഷട്ടിലുകൾക്ക് (ഭൂമിയിൽനിന്ന് അന്തരീക്ഷത്തിലേക്കും തിരിച്ചും പലകുറി യാത്ര നടത്തുന്ന വാഹനങ്ങൾക്കു് പ്രധാനമായ പങ്കാണുള്ളതു്. സ്പേസ് സ്റ്റേഷനുകളിൽ യന്ത്രോപകരണങ്ങൾ, ഇന്ധനങ്ങൾ എന്നിവ എത്തിക്കുന്നതും, അവയിലേക്കും തിരിച്ചും വിദഗ്ദ്ധർ യാത്രചെയ്യുന്നതും, ഈ ഷട്ടിലുകളിലൂടെയായിരിക്കും. അമേരിക്കൻ പട്ടാളത്തിൻെറ ഇപ്പോഴത്തെ സ്പേസ് ഷട്ടിൽപരിപാടി 1994 വരെ നീണ്ടുനിൽക്കും.

അന്തരീക്ഷ യുദ്ധസംവിധാനങ്ങൾക്കായി 1984—ൽ അമേരിക്ക

ചെലവഴിക്കുന്നതു് എണ്ണൂററമ്പതു കോടി ഡോളറാണു്. 1988-ൽ ഈ ചെലവു് ആയിരത്തി നാന്നൂറ് കോടി ഡോളർ ആയി വർദ്ധിക്കുമെന്നു കരുതപ്പെടുന്നു. ലോക്ഹീഡ് കോർപ്പറേഷൻ, റോക്‌വെൽ ഇൻറർനാഷനൽ, ബോംകോർപ്പറേഷൻ, ഹ്യൂസ് എയർ ക്രാഫ്ററ്, പെർകിൻ-എൽമെർ, യുണൈററഡ് ടെക്നോളജീസ്, വെസ്റ്റിങ്ഹൗസ്, ഈസ്റ്റ്മാൻ കൊഡാക്, ബോയിങ്, നോർത്രോപ്, ഫോർഡ് എയ്റോസ്പേയ്സ് മുതലായ അമേരിക്കൻ 'സൈനിക-സാങ്കേതിക-സങ്കീർണ്ണ'ത്തിലെ എല്ലാ വ്യാവസായികഘടകങ്ങൾക്കും വമ്പിച്ച സാമ്പത്തികലാഭം ഉളവാക്കുന്ന ഒന്നാണു് അമേരിക്കൻ ഗവണ്മെൻറിൻെറ 'നക്ഷത്രയുദ്ധ' പരിപാടി.

ബാഹ്യാന്തരീക്ഷത്തെ യുദ്ധവേദിയായി മാററുന്നതിനെതിരെ നിലവിലുള്ള പല ബഹുരാഷ്ട്രസന്ധികളുടെയും നഗ്നമായ ലംഘനമാകയാലും, അണുയുദ്ധത്തെ തടയുന്നതിനുപകരം അണുയുദ്ധസാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനാലും 'നക്ഷത്രയുദ്ധ'പരിപാടിക്കു് അമേരിക്കയിൽത്തന്നെ വളരെയധികം എതിരാളികളുണ്ടു്. അടുത്ത തെരഞ്ഞെടുപ്പിൽ റെയ്ഗൻ തോൽക്കുന്നപക്ഷം ഈ പരിപാടി ഉപേക്ഷിക്കപ്പെട്ടേക്കാം. മറിച്ചു്, ഇന്നത്തെ നിലയിൽ കൂടുതൽ സംഭാവ്യതയുള്ള റെയ്ഗൻെറ വിജയം ഒരു വസ്തുതയായിത്തീരുമ്പോൾ 'നക്ഷത്രയുദ്ധ'പരിപാടിയുടെ ആക്കം വർദ്ധിക്കുമെന്നതിലും യാതൊരു സംശയവുമില്ല.

'നക്ഷത്രയുദ്ധ'മെന്ന സങ്കല്പത്തേക്കാൾ ഭീഷണമാണു് 'പരിസ്ഥിതിയുദ്ധം' എന്ന സങ്കല്പം. കാരണം, പ്രകൃതിശക്തികളെ കയറൂരി വിട്ടു്, മനുഷ്യവർഗത്തെ മാത്രമല്ല ജീവമണ്ഡലത്തെ ആകെത്തന്നെ, ഭൂമിയിൽനിന്നു തുടച്ചുമാററുകയാണു് 'പരിസ്ഥിതിയുദ്ധ'ത്തിൻെറ ലക്ഷ്യം. 1984 സെപ്റ്റംബർ 18-ാം തീയതി ലണ്ടനിൽനിന്നു് റോയ്ട്ടർ വാർത്താ ഏജൻസി അയച്ച ഒരു സന്ദേശത്തിൽനിന്നു് ഉദ്ധരിക്കാം:

'നാവികസേനയുടെ ഒരു രഹസ്യഘടകം കടലിനടിയിൽ ഒരു അണുബോംബു് പൊട്ടിക്കുന്നു. ഇതുനിമിത്തം ഉയരുന്ന വമ്പിച്ച തിരമാലകൾ (ടൈഡൽവെയ്വ്) ശത്രുരാജ്യത്തിലെ സമുദ്രതീരനഗരങ്ങളെ മുഴുവൻ മുക്കിക്കളയുന്നു.

'സിവിലിയൻ അടയാളങ്ങളുള്ള ഒരു വിമാനം സക്രിയമായ ഒരു അഗ്നിപർവതത്തിൻെറ മീതെ പറന്നു്, അതിൻെറ ഗർത്തത്തിലേക്കു് അഞ്ച് കിലോ ടൺ സ്ഫോടനശക്തിയുള്ള ഒരു അണുബോംബു് ഇട്ടുകൊടുക്കുന്നു. തുടർന്നുണ്ടാകുന്ന അഗ്നിപർവതസ്ഫോടനം സൂര്യനെ മറയ്ക്കുകയും, അനേകം മൈൽ ചുററുവട്ടത്തിൽ പൂർണനാശം വിതയ്ക്കുകയും ചെയ്യുന്നു

'പട്ടാളത്തിലെ ശാസ്ത്രജ്ഞർ സാങ്കേതികവിദ്യ ഉപയോഗിച്ചു് ഒരു കൊടുങ്കാററിനെ ശത്രുരാജ്യത്തിനെതിരെ തിരിച്ചുവിടുന്നു. അവർ മേഘങ്ങളിൽ രാസവസ്തുക്കൾ (സീഡിങ്) പ്രയോഗിച്ച് ശത്രുരാജ്യത്തിലെ വിളഞ്ഞ വയലുകൾ ആലിപ്പഴമഴചൊരിഞ്ഞു നശിപ്പിക്കുന്നു; മറെറാരു രാജ്യത്തു് കൃത്രിമമായി വരൾച്ച സൃഷ്ടിക്കുന്നു.'

ഇതെല്ലാം 'അപകടസിനിമ'കളിലെ അതിശയോക്തി നിറഞ്ഞ സങ്കല്പങ്ങളല്ല. സ്റ്റോക്ഹോമിൽ സ്വീഡിഷ് ഗവണ്മെൻറ് സ്ഥാപിച്ച 'സമാധാന ഗവേഷണസ്ഥാപനം' (സിപ്രി) തയ്യാറാക്കിയതും ലണ്ടനിലെ 'ടെയ്ലർ ആൻഡ് ഫ്രാൻസിസ്' എന്ന പുസ്തകപ്രകാശകർ ഈയിടെ പ്രസിദ്ധംചെയ്തതുമായ 'പരിസ്ഥിതിയുദ്ധ'ത്തെക്കുറിച്ചുള്ള പുസ്തകത്തിൽ ഗൗരവപൂർവം ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങളാണു് ഇവ.

'പരിസ്ഥിതിയുദ്ധം' തടയാൻ 1977-ൽ ഉണ്ടാക്കിയ ഒരു സന്ധി പ്രത്യവലോകനംചെയ്യുന്നതിനുള്ള ഒരു സമ്മേളനം സെപ്റ്റംബർ രണ്ടാമത്തെ ആഴ്ചയിൽ ജനീവയിൽ നടന്നു. കൂടുതൽ രാജ്യങ്ങൾ ഈ സന്ധി

യിൽ ഒപ്പിടണമെന്നു് അമേരിക്ക ആവശ്യപ്പെട്ടു. പക്ഷേ, മുമ്പു പറഞ്ഞ പുസ്തകത്തിൻെറ അഭിപ്രായത്തിൽ, ഈ സന്ധി ആകെ പുതുക്കി, വിപുലീകരിക്കാൻ വൈകിയിരിക്കുന്നു. ഈ പുസ്തകത്തിൽ പറയുന്നു:

'പത്തുകിലോ ടൺ സ്ഫോടനശക്തിയുള്ള ഒരു അണുബോംബ് സക്രിയമായ ഒരു അഗ്നിപർവതത്തിൻെറ ഗർത്തത്തിൽ നൂറു മീററർ അകത്തേക്കു കടന്നു പൊട്ടിയാൽ അതിൽനിന്നു ലാവയും വാതകങ്ങളും പുറത്തോട്ടൊഴുകും. വായുമണ്ഡലത്തിൽ ഇവ ആപത്കരമാംവിധം നിറഞ്ഞേക്കും. ഈ പ്രയോഗത്തിനു പററിയ, സക്രിയമായ, എട്ടെങ്കിലും അഗ്നിപർവതങ്ങരം അമേരിക്കൻ ഐക്യനാടുകളിൽ ഉണ്ടു്.

'താരതമ്യേന ശക്തികുറഞ്ഞ അണുബോംബുകരം പൊട്ടിച്ചു് ഉളവാക്കുന്ന സ്പന്ദനങ്ങളിലൂടെ കളിമണ്ണിനെ തല്ക്കാലത്തേക്കു ദ്രവമാക്കി മാററാം. 1964-ലെ ഭൂകമ്പത്തിൽ അലാസ്കയിലുണ്ടായപോലെ നാശകരമായ മണ്ണിടിച്ചിൽ ഇതുകൊണ്ടു് ഉണ്ടാക്കാം.

'നാശകരങ്ങളായ വെള്ളപ്പൊക്കങ്ങരം ഉണ്ടാക്കാൻ സാധാരണ ബോംബുകരം പ്രയോഗിച്ചാലും മതിയാവും. ഇരുപതു രാജ്യങ്ങളിലെ എഴുപതു കൂററൻ അണക്കെട്ടുകരം ഇത്തരം ബോംബാക്രമണത്തിനു് ഒരുങ്ങിനില്ക്കുന്ന ലക്ഷ്യങ്ങളാണു്.

ശത്രുവിൻെറ സമുദ്രതീരത്തു്, കടൽച്ചെരിവു് (കോണ്ടിനെൻറൽ ഷെൽഫ്) തീർന്നു് ആഴക്കടൽ തുടങ്ങുന്ന സ്ഥലത്തു് ഒന്നോ അധികമോ അണുബോംബ് പൊട്ടിച്ചാൽ ഭൂകമ്പവും, തുടർന്നു് വൻതിരമാലകളും (ടൈഡൽവെയ്വ്) ഉളവാകും.

'കാലാവസ്ഥയിൽ അട്ടിമറി നടത്താനുള്ള സാങ്കേതികകഴിവു് ഇപ്പോരംത്തന്നെ പല രാഷ്ട്രങ്ങരംക്കുമുണ്ടു്. വിമാനങ്ങളിൽനിന്നു ചില രാസവസ്തുക്കരം വർഷിച്ചാൽ മൂടൽമഞ്ഞു് നീക്കിക്കളയാം. (താഴത്തു് ബോംബിടേണ്ട ലക്ഷ്യങ്ങരം കാണാൻ ഇതു സഹായിക്കും.) മഴപെയ്യിച്ചു വെള്ളപ്പൊക്കമുണ്ടാക്കാനും രാസവസ്തുവർഷം മതിയാവും. പക്ഷേ, ഇൻഡോ-ചൈനയിൽ അതിവൃഷ്ടി ഉണ്ടാക്കി കമ്യൂണിസ്റ്റ് പട്ടാളത്തിൻെറ കൊററും കോളും മുടക്കുന്നതിനു് അമേരിക്ക 1960-കളിൽ ചെയ്ത ശ്രമം ഫലിക്കുകയുണ്ടായില്ല. അവർ രാസവസ്തുക്കരം വർഷിച്ച മേഘങ്ങരം വേണ്ടതരത്തിൽപ്പെട്ടവയായിരുന്നില്ല എന്നതാണു് ഈ പരാജയത്തിനു കാരണം. ആലിപ്പഴ-മഴ-കൊടുങ്കാററുകളും മിന്നലുകളും വരരംച്ചകളും മററും സൃഷ്ടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള കഴിവു് ഭാവിയിൽ ശാസ്ത്രജ്ഞർ നേടും. ഈ കഴിവു്, അല്പമായിട്ടാണെങ്കിലും, ഇപ്പോരംത്തന്നെ അവർക്കു കൈവന്നിട്ടുമുണ്ടു്.'

അന്താരാഷ്ട്രീയ പ്രശസ്തി നേടിയിട്ടുള്ള ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും അടങ്ങിയ ഒരു കമ്മററി തയ്യാറാക്കിയതാണു് 'പരിസ്ഥിതിയുദ്ധം' (എൻവയ്റൺമെൻറൽ വാർഫെയർ) എന്ന പുസ്തകം യുദ്ധകാര്യങ്ങളിൽ ആധികാരികമായ വിവരം നൽകുന്നതെന്ന നിലയിൽ യൂറോപ്പിലാകെ അംഗീകാരം നേടിയതും സ്വീഡിഷ് ഗവൺമെൻറിൻെറ കീഴിൽ പ്രവർത്തിച്ചുവരുന്നതുമായ സമാധാന ഗവേഷണ സ്ഥാപനത്തിൻെറ ആഭിമുഖ്യത്തിലാണു് അതു പ്രസിദ്ധീകരിച്ചിട്ടുള്ളതു്. എല്ലാ സമാധാനപ്രേമികളുടെയും ശ്രദ്ധ ഈ പുസ്തകത്തിൽ പതിയേണ്ടതാണു്.

(20 സെപ്തംബർ, 1984)